നം.എ2/29500/2019/സി.ജി.ഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം,
തീയതി: 05.02.2020

# സർക്കുലർ

വിഷയം:- പരീക്ഷാഭവൻ 2019 നവംബർ മാസം നടത്തിയ ഡി.എഡ്, ഡി.എൽ.എഡ് പരീക്ഷകളുടെ പൂനർമൂല്യനിർണ്ണയം/സ്ക്രൂട്ടിണി അപേക്ഷ - സംബന്ധിച്ച്

സൂചന:- ഈ ഓഫീസിലെ 06/09/2019 തീയതിയിലെ എച്ച്2/30600/2019/സി.ജി.ഇ പ്രകാരമുള്ള വിജ്ഞാപനങ്ങൾ.

......

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2019 നവംബർ മാസം നടത്തിയ ഡി.എഡ്, ഡി.എൽ.എഡ് പരീക്ഷകളുടെ പുനർ മൂല്യനിർണ്ണയം/ സ്ക്രൂട്ടിണി എന്നിവയ്ക്കുള്ള അപേക്ഷകൾ 06.02.2020 മുതൽ 12.02.2020 വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

അപേക്ഷിക്കുന്ന രീതി ചുവടെ ചേർക്കുന്നു. www.keralapareekshabhavan.in എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് D.Ed/ D.El.Ed Revaluation November 2019 എന്ന Link Click ചെയ്ത് Register Number, Date of Birth എന്നിവ നൽകി പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാവുന്നതാണ്.

Register Number, Date of Birth എന്നിവ നൽകിയാൽ Open ആകുന്ന Window യിൽ നിന്നും യഥാക്രമം Revaluation/Scrutiny എന്നിവയ്ക്ക് നേരേ കാണുന്ന Check Box- ൽ Click ചെയ്ത് Submit ചെയ്യാവുന്നതും തുടർന്ന് തിരുത്തലുകൾ ആവശ്യമെങ്കിൽ Edit/Print Button Click ചെയ്ത് മാറ്റം ആവശ്യമെങ്കിൽ വരുത്തിയശേഷം Final Submit ചെയ്യാവുന്നതുമാണ്. Final Submission കഴിഞ്ഞാൽ അപേക്ഷയുടെ Print എടുത്ത് ബന്ധപ്പെട്ട DIET/ITE Principal - മാർക്ക് നിശ്ചിത ഫീസ് സഹിതം സമർപ്പിക്കേണ്ടതാണ്.

പുനർമൂല്യനിർണ്ണയത്തിന് Online ആയി അപേക്ഷിച്ച് ലഭിച്ച Printout കൾ ബന്ധപ്പെട്ട DIET/ITE Principal - മാർ ITE Login-ൽ പ്രവേശിച്ച് Revaluation Verification നടത്തേണ്ടതാണ്. ഇതിനായി ITE Login ചെയ്യുമ്പോൾ Post Exam Event എന്ന Menu വിൽ Revaluation Verification Menu കാണാൻ സാധിക്കും. ഇതിൽ Click ചെയ്ത് View ചെയ്യുന്നതിനും Verification Application എന്ന Button Click ചെയ്ത് Verify ചെയ്യാവുന്നതുമാണ്. എല്ലാ അപേക്ഷകളും DIET/ITE Principal-മാർ Verify ചെയ്ത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. **Verify ചെയ്യാത്ത അപേക്ഷകൾ പുനർമൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല.** Revaluation അപേക്ഷകൾ D.Ed/ D.El.Ed Login-ൽ കൂടിയാണ് Verify ചെയ്യേണ്ടത്.

നിശ്ചിതസമയത്തിനുള്ളിലും Online മുഖേനയല്ലാതെയുമുള്ള അപേക്ഷകൾ ഒന്നും തന്നെ പരിഗണിക്കുന്നതല്ല. ആയതിനാൽ 12.02.2020, 5.00 പി.എം. ന് മുമ്പായി തന്നെ ഓൺലൈൻ വഴിയുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

പകർപ്പ്

സെക്രട്ടറി